# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6114** **02.04.2018-ൽ മറുപടിക്ക്**

**കൈത്തറി സ്കൂൾ യൂണിഫോം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഡി.കെ.മുരളി** | **ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സ്കൂൾ യൂണിഫോം കൈത്തറി ഉല്പന്നമാക്കുന്നതിന് കഴിഞ്ഞ വർഷം (2017-18) തീരുമാനിച്ചതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) കൈത്തറി മേഖലയെ പുനർജ്ജീവിപ്പിക്കാൻ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. കഴിഞ്ഞ അദ്ധ്യയന വർഷം 2017-18 ൽ സംസ്ഥാനത്തെ ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് 2 ജോടി വീതം കൈത്തറി യൂണിഫോം വിതരണം ചെയ്യാൻ സാധിച്ചു. പ്രസ്തുത പദ്ധതിയിലേക്ക് സംസ്ഥാനത്തെ വിവിധ സംഘങ്ങൾക്ക് എൻ.എച്ച്.ഡി.സി വഴി നൂൽ വിതരണം ചെയ്യുകയും, വിതരണം ചെയ്ത പ്രസ്തുത നൂലിന്റെ ഗുണനിലവാരം കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനിൽ പരിശോധിക്കുകയും ചെയ്യുന്നു. പരിശോധനാ റിപ്പോർട്ട് പ്രകാരമാണ് നൂൽ നെയ്യുന്നതിനായി ഉപയോഗിക്കുന്നത്. നെയ്ത തുണികൾ ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർമാർ പരിശോധിക്കുകയും, ഗുണനിലവാരം ഉറപ്പു വരുത്തി തുണി ചായം മുക്കുന്നതിനും മറ്റുമായി അയക്കുന്നു. പ്രസ്തുത തുണിയും പരിശോധനക്കായി കണ്ണൂരിലെ ടെക്സ്റ്റൈൽസ് കമ്മിറ്റിയിലേക്ക് അയക്കുകയും ചെയ്യുന്നു. ഈറോഡിലുള്ള തമിഴ്നാട് സഹകരണ ടെക്സ്റ്റൈൽസ് പ്രോസസിംഗ് മില്ല് മുഖാന്തിരം വിവിധ നിറങ്ങളിൽ ചായം മുക്കി ലഭ്യമായ തുണി ഹാന്റക്സ്, ഹാൻവീവ് വഴി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കഴിഞ്ഞ വർഷം ഏകദേശം 9.4 ലക്ഷം മീറ്റർ തുണി വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എത്രമാത്രം തുണി കൈത്തറി മേഖലയിൽ ഉല്പാദിപ്പിച്ച് സ്കൂൾ യൂണിഫോമിനായി വിതരണം ചെയ്തു എന്നറിയിക്കാമോ; | (ബി) | 2017-18 അദ്ധ്യയന വർഷത്തിൽ ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള 2718 സർക്കാർ സ്കൂളുകളിലെ 2,20,148 കുട്ടികൾക്ക് 2 ജോടി വീതം 9.4 ലക്ഷം മീറ്റർ തുണി യൂണിഫോമായി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | സ്കൂൾ യൂണിഫോമിനായി എത്രമാത്രം തുണി ആവശ്യമായിരുന്നുവെന്ന് അറിയിക്കാമോ? | (സി) | 2017-18 അദ്ധ്യയന വർഷത്തിൽ 9.4 ലക്ഷം മീറ്റർ തുണി വിതരണം ചെയ്യുകയും, 2018-19 അദ്ധ്യയന വർഷത്തേക്ക് 23 ലക്ഷം മീറ്റർ തുണി വിതരണത്തിനായി ആവശ്യമായി വരുമെന്ന് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ